(ഇ) ഈ പബ്ലിക് ഹെൽത്ത് ലാബിൽ ആധുനികവൽക്കരണത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(എഫ്) ഇവിടെ നിറുത്തിവച്ചിട്ടുള്ള വാക്സിൻ ഉൽപ്പാദനം പുനരാരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ജി) ഈ സ്ഥാപനത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുവാൻ വിദഗ്ദ്ധരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) കോളറ, റാബീസ്, ടൈഫോയിഡ് എന്നീ രോഗങ്ങൾക്കെതിരായുള്ള വാക്സിനുകളാണ് നിർമ്മിച്ചിരുന്നത്.

(ബി) 1993 ഒക്ടോബർ മാസത്തിൽ വാക്സിനുകളുടെ നിർമ്മാണം നിറുത്തി വച്ചു.

(സി)&(ഡി) ലോകാരോഗ്യസംഘടന നിർദ്ദേശിക്കുന്ന ഗുണനിലവാരം നിലനിറുത്താൻ കഴിയാത്ത സാഹചര്യത്തിൽ വാക്സിൻ ബോർഡ് ആവശ്യപ്പെട്ടതനുസരിച്ചാണ് വാക്സിൻ നിർമ്മാണം നിറുത്തിവച്ചത്.

(ഇ) സൈറ്റോപതോളജി, ഹിസ്റ്റോപതോളജി, തൈറോയിഡ് ഫങ്ഷൻ ടെസ്റ്റുകൾ എന്നിവ പുതുതായി ആരംഭിച്ചു. റിസൽറ്റുകൾ കമ്പ്യൂട്ടർവൽക്കരിച്ചു നൽകുവാനുള്ള പദ്ധതിയും ഉണ്ട്.

(എഫ്) ലോകാരോഗ്യസംഘടന നിർദ്ദേശിക്കുന്ന ഗുണനിലവാരമുള്ള വാക്സിൻ മാത്രമേ ഉൽപ്പാദിപ്പിക്കുവാൻ കഴിയുകയുള്ളൂ. ഇതിന് വളരെയേറെ സാമ്പത്തിക ബാദ്ധ്യതയുള്ളതും ആധുനിക സാങ്കേതിക വിദ്യ ആവശ്യമായതുമായ പരിഷ്ക്കാരങ്ങൾ ലാബിൽ വരുത്തേണ്ടതുണ്ട്.

(ജി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

ഗുണനിലവാരം കുറഞ്ഞ പാരസെറ്റമോൾ

107 (156) ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 നവംബർ മാസത്തിൽ സംസ്ഥാനത്ത് ഗുണനിലവാരം കുറഞ്ഞ പാരസെറ്റമോൾ ഗുളികകൾ വിതരണം ചെയ്യപ്പെട്ടതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഗുളികകൾ എവിടെ ഉൽപ്പാദിപ്പിക്കപ്പെട്ടവയായിരുന്നു എന്ന് വെളിപ്പെടുത്താമോ;

(സി) ഇതിന് ഉത്തരവാദികളായവർ ആരാണ്; അവർക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ?

ഉത്തരം

(എ) ചില കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിശദവിവരം താഴെചേർക്കുന്നു.

ബാച്ച് നം:	നിർമ്മാതാവ്
2035	വിക്രം ലാബോറട്ടറീസ്, മുസിഫർ നഗർ

LIBRARY ARCHIVES Kerala Legislative Assembly

98021	ബെന്റ്ലെയ് ആന്റ് റെമിംഗ്ടൺ(പി) ലിമിറ്റഡ്, ബാംഗ്ലൂർ.
9007	കൺസെപ്റ്റ് ഫാർമസ്യൂട്ടിക്കൽസ്, ലിമിറ്റഡ് ഔറംഗാബാദ്
പി-5-8021	അപെക്സ് ലാബോറട്ടറീസ് (പി) ലിമിറ്റഡ്, തലന്തൂർ
98458	ബ്രെറ്റ് ഡ്രഗ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, ഇൻഡോർ
ടി.2991	വെർകെയർ ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്, ബിവാഡി.

(സി) അനന്തര നടപടികൾക്കായി മേൽപ്പറഞ്ഞ നിർമ്മാതാക്കളെ സംബന്ധിച്ച വിവരങ്ങൾ അതാത് സംസ്ഥാന ഡ്രഗ്സ് കൺട്രോളർമാരെ അറിയിച്ചിട്ടുണ്ട്.

മായം ചേർത്ത വെളിച്ചെണ്ണ

108 (157) ശ്രീ. ആന്റണി രാജു :
ശ്രീ. ടി.എസ്. ജോൺ :
ഡോക്ടർ കെ.സി. ജോസഫ് :
ശ്രീ. പി.സി. ജോർജ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മായം ചേർത്ത വെളിച്ചെണ്ണ വിപണിയിൽ വ്യാപകമായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആരോഗ്യത്തിന് ഹാനികരമായ ലികിഡ് പാരഫിൻ വെളിച്ചെണ്ണയിൽ ചേർക്കുന്നതായി അറിവുണ്ടോ;

(സി) എങ്കിൽ ഇത് കണ്ടുപിടിക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇതിനായി ഇപ്പോൾ നിലവിലുള്ള പരിശോധനാ സംവിധാനം കാര്യക്ഷമമാക്കുവാൻ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു?

ഉത്തരം

(എ)&(ബി) ഇല്ല.

(സി)&(ഡി) മായം ചേർക്കൽ പരിശോധിക്കുന്നതിനും, തടയുന്നതിനും ഇപ്പോൾ നിലവിലുള്ള സംവിധാനം കാര്യക്ഷമമാണ്.

ആരോഗ്യവകുപ്പിലെ ഒഴിവുകൾ

109 (158) ശ്രീ. പി. രാജു :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :

LIBRARY ARCHIVES Kerala Legislative Assembly